**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ ജെണ്ടർ ഫെസ്റ്റ് ശില്പശാല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **655**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതിഃ 02.03.2012.

---

പരാമർശംഃ- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.03.2012-ലെ കെ.എൽ-851/2012 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ച് വരുന്ന അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും പുനരധിവാസം ഉറപ്പാക്കുന്നതിനുമായി 'നിർഭയ' എന്ന പേരിൽ പുതിയൊരു പദ്ധതി ആവിഷ്ക്കരിച്ച് വരുന്നതായും കൂടാതെ സ്ത്രീ ശാക്തീകരണത്തിനായി 'തന്റേടം' എന്ന പേരിൽ ജെന്റർ പാർക്ക് കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞതായും ടി പാർക്കിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 മുതൽ 16 വരെ കോഴിക്കോട് വച്ച് സംസ്ഥാനതല ജെന്റർ ഫെസ്റ്റ് നടത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് നഗരസഭാ തലങ്ങളിൽ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശില്പശാലയുടെ നടത്തിപ്പിനായി പഞ്ചായത്ത് നഗരസഭകൾക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും 5000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം വഴി ആവശ്യപ്പെട്ടിരുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് നഗരസഭാ തലത്തിൽ ജെന്റർ ഫെസ്റ്റ് ശില്പശാലകൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്കും / നഗരസഭകൾക്കും അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന് വിധേയമായി അവരുടെ തനത് ഫണ്ടിൽ നിന്നും **5000/- (അയ്യായിരം രൂപ മാത്രം)** രൂപ വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.